ഓണച്ചന്തകളിൽ 30 ശതമാനം വിലക്കുറവ്

തിരുവനന്തപുരം:സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന 2000 ഓണച്ചന്തകളിൽ പഴം, പച്ചക്കറികൾക്ക് 30 ശതമാനം വരെ വിലക്കുറവുണ്ടാകുമെന്ന് കൃഷി മന്ത്രി പി പ്രസാദ്. ഓണത്തിനോടനുബന്ധിച്ച് കൃഷി വകുപ്പ് ആരംഭിക്കുന്ന 2000 കർഷക ചന്തകളുടെയും സഞ്ചരിക്കുന്ന വിൽപ്പനശാലകളുടെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

വിപണിയിലൂടെ 10 ശതമാനം അധികം വില നൽകിയാണ് കൃഷിക്കാരിൽ നിന്നും പഴങ്ങളും പച്ചക്കറികളും സംഭരിക്കുന്നത്. ഇടനിലക്കാരെ ഒഴിവാക്കി നേരിട്ടു സംഭരിക്കുന്നതിനാൽ കർഷകർക്ക് കൂടുതൽ ഗുണകരമാകും. നമ്മുടെ പച്ചക്കറി ആവശ്യങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമുണ്ട്. ഇത്തരം സ്ഥലങ്ങളിൽ നിന്നും കർഷകക്കൂട്ടായ്മകളുമായി ചർച്ച ചെയ്ത് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത് ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുന്നു. വിലക്കയറ്റത്തെ പിടിച്ചു നിർത്താൻ സംസ്ഥാന സർക്കാർ നടത്തുന്ന ആത്മാർഥമായ പരിശ്രമങ്ങളുടെ ഭാഗമാണിതെന്ന് മന്ത്രി അറിയിച്ചു.

അനുവദനീയമായ അളവിനേക്കാൾ വിഷാംശം കൂടുതലുള്ള പച്ചക്കറികൾ ഒഴിവാക്കുന്നു എന്ന പ്രത്യേകതയുമുണ്ട്. എന്നാൽ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്താൻ കഴിയുന്ന സംസ്ഥാനമെന്ന നിലയിൽ അത്തരത്തിലുള്ള ആത്മാർഥമായ പരിശ്രമങ്ങൾ ഉണ്ടാകണം. പഴവർഗങ്ങളും, ഇലവർഗങ്ങളും ഉൾപ്പെടെയുള്ള പല പച്ചക്കറികളും നമ്മുടെ പറമ്പിലും കൃഷിയിടങ്ങളിലും ഉൽപ്പാദിപ്പിക്കാൻ കഴിയണം. ഇതിനാവശ്യമായ ബൃഹത്തായ പദ്ധതിയ്ക്ക് സംസ്ഥാന സർക്കാർ രൂപം നൽകിക്കഴിഞ്ഞു. ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ വിജയത്തിന്റെ തുടർച്ചയായിരിക്കും ഇത്. വിപണിയുടെ സാധ്യതകൾ കൂടി പഠിച്ചു കൊണ്ടാകണം പച്ചക്കറി ഉൽപ്പാദനം വേണ്ടതെന്നും അല്ലാത്തപക്ഷം ആവശ്യക്കാരില്ലാത്ത സാഹചര്യത്തിൽ കർഷകന് നഷ്ടമുണ്ടാകും എന്നത് ഓർക്കണമെന്നും മന്ത്രി പറഞ്ഞു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൂടുതൽ ചലിക്കുന്ന പച്ചക്കറി ചന്തകൾ സംസ്ഥാനവ്യാപകമായി ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. സെപ്റ്റംബർ 11 മുതൽ 14 വരെയാണ് കർഷകച്ചന്തകൾ പ്രവർത്തിക്കുക.

ചടങ്ങിൽ ഹോർട്ടികോർപ്പിന്റെ സഞ്ചരിക്കുന്ന വിൽപനശാല ആന്റണിരാജു എംഎൽഎ ഫ്ലാഗ് ഓഫ് ചെയ്തു. കൃഷി ഡയറക്റ്റർ അദീല അബ്ദുള്ള, മുതിർന്ന കർഷകൻ അബ്ദുൾ റഹീം, കർഷകത്തൊഴിലാളി നെൽസൺ എന്നിവർ പങ്കെടുത്തു.

കെഎസ്ആർടിസിയിൽ ശമ്പളം നൽകിയില്ലെങ്കിൽ ഓണത്തിന് ബസുകൾ ഓടില്ലെന്ന് പ്രതിപക്ഷം

● ഇന്ന് ബിഎംഎസ് സെക്രട്ടേറിയറ്റ് മാർച്ച്

തിരുവനന്തപുരം: കെഎസ്ആർടിസി തൊഴിലാളികൾക്ക് കഴിഞ്ഞ മാസത്തെ ശമ്പളം അടിയന്തരമായി വിതരണം ചെയ്തില്ലെങ്കിൽ ഓണത്തിന് ബസുകൾ ഓടില്ലെന്ന് പ്രതിപക്ഷ യൂണിയനായ ടിഡിഎഫ് നേതാക്കൾ പറഞ്ഞു.കഴിഞ്ഞ എട്ട് വർഷമായി തുടരുന്ന ദുരിതം ഈ ഓണക്കാലത്തും അവസാനിക്കുന്നില്ലെന്നും, കഴിഞ്ഞ മാസം ജോലി ചെയ്ത ശമ്പളം ഇതുവരെ വിതരണം ചെയ്യാനുള്ള മര്യാദ സർക്കാരും മാനേജ്മെന്റും കാണിക്കുന്നില്ലെന്നും ടിഡിഎഫ് വർക്കിംഗ് പ്രസിഡന്റ് എം.വിൻസെന്റ് എംഎൽഎ പറഞ്ഞു. ശമ്പളവും ഓണം ആനുകൂല്യങ്ങളും അടിയന്തിരമായി വിതരണം ചെയ്തില്ലായെങ്കിൽ ഓണക്കാലത്ത് ബസ് ഓടാത്ത സാഹചര്യം ഉണ്ടാകുമെന്നും എം.വിൻസെന്റ് മുന്നറിയിപ്പ് നൽകി.

ഓണക്കാലത്ത് തങ്ങളുടെ കുട്ടികൾക്ക് ഓണക്കോടി വാങ്ങാൻ പോലും പണമില്ലാതെ മാനസിക വേദനയിൽ ജോലി ചെയ്യുന്ന കെഎസ്ആർടിസി തൊഴിലാളികളുടെ അവസ്ഥ ദയനീയമാണെന്ന് എംഎൽഎ പറഞ്ഞു, ശമ്പളം ലഭിക്കാതെ ജോലി ചെയ്യില്ല എന്ന് തൊഴിലാളികൾ തീരുമാനിച്ചാൽ ഓണക്കാലത്ത് കേരളം നിശ്ചലമാകും. അത്തരം സാഹചര്യത്തിലേക്ക് എത്തിക്കരുതെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. ശംബളം ഒറ്റത്തവണയായി ഈ മാസം മുതൽ നൽകുമെന്ന പുതിയ മന്ത്രിയുടെ വാക്ക് പോലും പാലിക്കപ്പെടാത്തത് എൽഡിഎഫ് സർക്കാരിന് കെഎസ്ആർടിസി യോടുള്ള അവഗണനയുടെ വ്യാപ്തി തെളിയിക്കുന്നെന്നും ടിഡിഎഫ് പറഞ്ഞു. കെഎസ്ആർടിസി മാനേജ്മെന്റ് അഴിമതിയുടെ കൂത്തരങ്ങായി മാറിയെന്നും, ജീവനക്കാരുടെ ശംബളം നൽകാനോ അവരുടെ ക്ഷേമത്തിനോ പ്രവർത്തിക്കേണ്ടവർ തങ്ങളുടെ അഴിമതികൾ നടത്താനും അത് മറയ്ക്കാനും പ്രവർത്തിക്കുന്ന കാഴ്ചയാണ് ഇന്ന് കാണാൻ കഴിയുന്നതെന്നും എം. വിൻസെന്റ് കുറ്റപ്പെടുത്തി. ശമ്പളം വിതരണം ചെയ്യാത്തതിൽ പ്രതിഷേധിച്ച് ബിഎംഎസ് നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും നടത്തും.

വിദ്യാധരൻ മാസ്റ്റർക്കും വേണുജിക്കും വയോസേവന പുരസ്കാരം

ഇരിങ്ങാലക്കുട: കൂടിയാട്ടത്തെ വിശ്വകലാ അംഗീകാരത്തിലേക്കുയർത്താൻ പ്രവർത്തിച്ച വേണുജിയും സംഗീതജ്ഞൻ വിദ്യാധരൻ മാസ്റ്ററും ഈ വർഷത്തെ വയോസേവനയുടെ ആജീവനാന്ത സംഭാവനയ്ക്കുള്ള പുരസ്കാരങ്ങൾക്ക് അർഹരായി.

മന്ത്രി ഡോ. ആർ. ബിന്ദുവാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. ഒരു ലക്ഷം രൂപ വീതമാണു പുരസ്കാരത്തുക. വയോജന മേഖലയിൽ ശ്ലാഘനീയമായി സേവനം കാഴ്ചവച്ചിട്ടുള്ള മുതിർന്ന പൗരന്മാർക്കും വിവിധ സർക്കാർ - സർക്കാരിതര വിഭാഗങ്ങൾക്കും കലാ-കായിക - സാംസ്കാരിക മേഖലകളിൽ മികവു തെളിയിച്ച മുതിർന്ന പൗരന്മാർക്കും സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വയോസേവന അവാർഡുകളാണു മന്ത്രി പ്രഖ്യാപിച്ചത്.

ഈ വർഷം 11 വിഭാഗങ്ങളിലാണു പുരസ്കാരം. ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അടങ്ങുന്ന പുരസ്കാരങ്ങൾ ഒക്ടോബർ ഒന്നിനു വയോജന ദിനത്തിൽ സമ്മാനിക്കും.

5 സംസ്ഥാന മന്ത്രിമാരുടെ കോൺക്ലേവ് ഇന്ന്

തിരുവനന്തപുരം: പതിനാറാം ധനകാര്യ കമ്മീഷനുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 5 സംസ്ഥാനങ്ങളിലെ മന്ത്രിമാർ പങ്കെടുക്കുന്ന കോൺക്ലേവ് വ്യാഴാഴ്ച തിരുവനന്തപുരത്ത് നടക്കും.സംസ്ഥാനങ്ങൾ നേരിടുന്ന വികസന, ധനകാര്യ പ്രശ്നങ്ങൾ ഡോ.എ. അരവിന്ദ് പനഗാരിയ അധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ അവതരിപ്പിക്കുന്നത് സംബന്ധിച്ച ആശയരൂപീകരണവും സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യമാകും.

ഹോട്ടൽ ഹയാത്ത് റിജൻസിയിൽ രാവിലെ 10ന് ആരംഭിക്കുന്ന ഏകദിന കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ധനമന്ത്രി കെ. എൻ. ബാലഗോപാൽ അധ്യക്ഷനാകും. തെലങ്കാന ഉപമുഖ്യമന്ത്രിയും ധന മന്ത്രിയുമായ ഭട്ടി വിക്രമാർക്ക മല്ലു, കർണാടക റവന്യൂവകുപ്പ് മന്ത്രി കൃഷ്ണ ബൈരെ ഗൗഡ, പഞ്ചാബ് ധനവകുപ്പ് മന്ത്രി ഹർപാൽ സിങ് ചീമ, തമിഴ്നാട് ധനവകുപ്പ് മന്ത്രി തങ്കം തെന്നരസു എന്നിവർക്കൊപ്പം സംസ്ഥാന പ്രതിപക്ഷ നേതാവ് വി ഡി സതീശനും പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനും കേന്ദ്ര സർക്കാരിന്റെ മുൻ സാമ്പത്തിക ഉപദേഷ്ടാവുമായ ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ, മുൻ ധന മന്ത്രി ടി.എം. തോമസ് ഐസക്, കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ. രാമചന്ദ്രൻ തുടങ്ങിയവരും വിശിഷ്ടാതിഥികളാകും. ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ചടങ്ങിന് സ്വാഗതം പറയും.

ഉച്ചയ്ക്കുശേഷം 2ന് സാമ്പത്തിക, വികസന വിഷയങ്ങളിൽ ചർച്ച ആരംഭിക്കും. അന്താരാഷ്ട്ര അംഗീകാരമുള്ള വിഷയ വിദഗ്ധരുടെ വലിയ നിര പങ്കെടുക്കും. മന്ത്രി കെ. എൻ. ബാലഗോപാൽ വിഷയം അവതരിപ്പിക്കും. ഡോ. അരവിന്ദ് സുബ്രഹ്മണ്യൻ പ്രത്യേക പ്രഭാഷണം നിർവഹിക്കും.

തെലങ്കാന സ്പെഷ്യൽ ചീഫ് സെക്രട്ടറി കെ. രാമകൃഷ്ണ റാവു, കർണാടക അഡീഷണൽ ചീഫ് സെക്രട്ടറി എൽ.കെ. അതീഖ്, തമിഴ്നാട് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ടി. ഉദയചന്ദ്രൻ, പഞ്ചാബ് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അജോയ് കുമാർ സിൻഹ, ടി.എം. തോമസ് ഐസക്, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ പ്രൊഫ. വി.കെ. രാമചന്ദ്രൻ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ ചീഫ് സെക്രട്ടറി ഡോ. കെ.എം. എബ്രഹാം, മുൻ കേന്ദ്ര കാബിനറ്റ് സെക്രട്ടറി കെ.എം. ചന്ദ്രശേഖർ, നാലാം സംസ്ഥാന ധന കമ്മീഷൻ ചെയർമാൻ ഡോ. എം.എ. ഉമ്മൻ, സാമ്പത്തിക വിദഗ്ധരായ പ്രൊഫ. പ്രഭാത് പട്നായിക്, പതിനാറാം ധനകാര്യ കമ്മീഷനു മുമ്പാകെ കേരളം സമർപ്പിക്കുന്ന നിവേദനത്തിന്റെ കരട് തയ്യാറാക്കാനായി നിയോഗിച്ച സമിതിയുടെ അധ്യക്ഷൻ ഡോ. സി. പി. ചന്ദ്രശേഖർ, ഡോ. ജയതി ഘോഷ്, ഡോ. സുശീൽ ഖന്ന, പതിനാലാം ധനകാര്യ കമ്മീഷൻ അംഗങ്ങളായ ഡോ. സുദിപ്തോ മണ്ഡൽ, ഡോ. എം. ഗോവിന്ദ റാവു, പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അംഗം ഡോ. ഡി. കെ. ശ്രീവാസ്തവ, റാം മനോഹർ റെഡ്ഡി, റിട്ട. ഐആർഎസ് ഉദ്യോഗസ്ഥൻ ആർ. മോഹൻ, ഡോ. പിനാകി ചക്രവർത്തി, പ്രൊഫ. കെ.എൻ. ഹരിലാൽ, സിഡിഎസ് ഡയറക്റ്റർ ഡോ. സി. വീരമണി, ഗിഫ്റ്റ് ഡയറക്റ്റർ ഡോ. കെ.ജെ. ജോസഫ്, എൻഐപിഎഫ്പിയിലെ പ്രൊഫസർ ലേഖ ചക്രബർത്തി, കേരള കാർഷിക സർവകലാശാലയിലെ മുൻ പ്രൊഫസർ ഡോ. പി. ഷഹീന, കൊച്ചിയിലെ സെന്റർ ഫോർ സോഷ്യോ-ഏക്കണോമിക് ആൻഡ് എൻവയോൺമെന്റൽ സ്റ്റഡീസിലെ ഫെല്ലോ ഡോ. രാഖി തിമോത്തി തുടങ്ങിയവർ പങ്കെടുക്കും.

ആദിവാസി ഗ്രാമങ്ങളിൽ അതിവേഗ 5 ജി

തിരുവനന്തപുരം: ആദിവാസി ഗ്രാമങ്ങളിൽ എയർ ഫൈബർ സാങ്കേതിക വിദ്യയിൽ അതിവേഗ 5 ജി സേവനങ്ങളെത്തി. പാലക്കാട് അട്ടപ്പാടിയിലടക്കം 5 ഗ്രാമങ്ങളിലാണ് 5ജി ഇന്റർനെറ്റ് സേവനം പട്ടിക വിഭാഗ വികസന വകുപ്പ് മന്ത്രി ഒ.ആർ. കേളു ഉദ്ഘാടനം ചെയ്തത്. സങ്കേതങ്ങളിലെ താമസക്കാരുമായും വിദ്യാർത്ഥികളുമായും മന്ത്രി ഓൺലൈനിൽ സംസാരിച്ചു.

അട്ടപ്പാടി അഗളി പഞ്ചായത്തിലെ കോട്ട മേട്, ചിറ്റൂർ, വയനാട് പുൽപ്പള്ളി മേലേക്കാപ്പ് ഇടുക്കി കോഴിമല പാമ്പാടിക്കുഴി, പത്തനംതിട്ട പെരുനാട് അട്ടത്തോട് എന്നീ കേന്ദ്രങ്ങളിലെ സമൂഹ്യ പഠനമുറികളിലും അംഗൻവാടികളിലുമാണ് 5 ജി സൗകര്യം ഒരുക്കിയത്. നിലവിൽ 1200 ഓളം തദ്ദേശീയ സങ്കേതങ്ങളിൽ ഇന്റർനെറ്റ് സൗകര്യമുണ്ട്.

കേബിളുകളുടെ സൗകര്യമില്ലാതെ പ്രവർത്തിക്കുന്നതിനാൽ കാലാവസ്ഥ സാഹചര്യങ്ങളിലും തടസ്സമില്ലാത്ത സേവനം ഉറപ്പാക്കാൻ സാധിക്കും. ഉദ്ഘാടന യോഗത്തിൽ പട്ടികവർഗ ഡയറക്റ്റർ ഡോ. രേണുരാജ്, ജിയോ കേരള മേധാവി കെ. സി. നരേന്ദ്രൻ തുടങ്ങിയവർ പ്രസംഗിച്ചു.

ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ
CC 250/2024
Br. GILBERT EDASSERY MMB, 61 Years MANAGER, HOUSE OF PROVIDENCE IRINJALAKUDA P. O, THRISSUR-680121 ഹർജിക്കാരൻ
1. Mr. Mabin, Managing Director, Go Green Solar Pvt.Ltd. AKKM Tower, CUSAT Junction Kalamassery, P.O Kalamassery-Eranakulam-682022 2. Mr. Asish Sales Director, Go Green Solar Pvt.Ltd. AKKM Tower, CUSAT Junction Kalamassery, P.O Kalamassery, Eranakulam -682022 – എതിരകക്ഷികൾ
എതിരകക്ഷികൾ ഹർജി സ്ഥാപനത്തിൽ ഇൻസ്റ്റാൾ ചെയ്ത സോളാർ പവർ പ്ലാന്റ് തകരാർ സംബന്ധിച്ച് ഫയൽ ചെയ്ത CC250/2024 നമ്പ്ര് ഹർജി 26/09/2024 തിയ്യതി കമ്മീഷൻ മുമ്പാകെ വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു. ഈ കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ആയത് അന്നേദിവസം കാലത്ത് 11 മണിക്ക് നിങ്ങളോ, അധികാരപ്പെടുത്തിയ മറ്റ് ആളുകളോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ തന്നെ ഹർജി തീർച്ചപ്പെടുത്തുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.
എന്ന് 07-08-24 തിയ്യതി
വാദി ഭാഗം അഡ്വക്കെറ്റ്
പീതാംബരൻ എൻ. വി

കേരള സംസ്ഥാന ഭാഗ്യക്കുറി FIFTY-FIFTY FF-110 DRAW RESULT 11/09/2024
ഒന്നാം സമ്മാനം ₹1 കോടി FT 809978 (MOOVATTUPUZHA)
സമാശ്വാസ സമ്മാനം ₹8000 FN 809978 FO 809978 FP 809978 FR 809978 FS 809978 FU 809978 FV 809978 FW 809978 FX 809978 FY 809978 FZ 809978
കേരള ഭാഗ്യക്കുറി
രണ്ടാം സമ്മാനം ₹10 ലക്ഷം FR 372234 (PALAKKAD)
താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്
മൂന്നാം സമ്മാനം ₹5000 0251 0440 1023 2510 2612 2682 4517 4709 4922 5024 6065 6609 7119 7474 7510 7783 8211 8496 8519 8683 9022 9417 9703
നാലാം സമ്മാനം ₹2000 0264 0599 1113 2667 4586 4613 5848 6796 7618 9222 9571 9773
അഞ്ചാം സമ്മാനം ₹1000 0108 1589 2734 3222 3491 3512 4242 4289 4465 4842 5207 5218 5537 5670 5794 6741 7948 8164 8479 8615 8847 9004 9085 9532
ആറാം സമ്മാനം ₹500 0070 0170 0355 0642 0859 1020 1021 1070 1133 1336 1371 1424 1453 1512 1567 1648 1831 1940 2072 2148 2184 2188 2288 2477 2691 2749 2807 2868 3057 3162 3387 3428 3516 3733 3960 4031 4311 4323 4445 4492 4643 4804 4834 4933 4942 5002 5054 5249 5259 5417 5453 5707 5742 5959 5974 6069 6162 6184 6229 6256 6410 6536 6678 6765 6771 6791 6798 6799 6806 6889 6935 7006 7058 7330 7522 7565 7700 7737 7834 7898 8167 8217 8407 8599 8642 8891 8963 9047 9210 9217 9279 9386 9404 9554 9665 9942
ഏഴാം സമ്മാനം ₹100 0283 0311 0376 0455 0559 0696 0718 0983 1211 1346 1407 1489 1502 1519 1558 1687 1730 1764 1769 1772 1806 1937 2108 2114 2206 2253 2317 2353 2445 2531 2636 2672 2700 2823 2907 2971 2993 3031 3079 3082 3223 3236 3249 3261 3265 3294 3354 3400 3500 3530 3550 3577 3590 3704 3758 4103 4161 4174 4326 4387 4489 4805 4815 4833 4965 4971 5067 5111 5210 5315 5460 5578 5637 5782 5858 5860 5872 5940 6030 6132 6171 6308 6463 6578 6603 7077 7149 7210 7215 7280 7352 7411 7595 7645 7675 7900 7944 7949 8092 8110 8180 8204 8242 8288 8363 8478 8488 8502 8626 8687 8741 8777 8843 9009 9078 9131 9313 9555 9600 9619 9686 9733 9820 9857 9902 9941
www.statelottery.kerala.gov.in

സിനിമാ, സീരിയൽ രംഗം പൂർണമായും സ്ത്രീ സൗഹൃദമാകും: സജി ചെറിയാൻ

തിരുവനന്തപുരം:കൃത്യമായ നിയമ, നയ രൂപീകരണത്തിലൂടെ മലയാള സീരിയൽ, സിനിമ രംഗത്തെ പൂർണമായും സ്ത്രീ സൗഹൃദമാക്കുമെന്ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ. സ്ത്രീകൾക്ക് സുരക്ഷിതവും സുഖപ്രദവുമായ താമസസൗകര്യം പ്രദാനം ചെയ്യാൻ കൈരളി, ശ്രീ, നിള തിയേറ്റർ കോംപ്ലക്സിൽ സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ സംരംഭമായ സഖി - ഡോർമെറ്ററിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

എല്ലാ മേഖലയിലെയും സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളില്ലാതാക്കുന്ന ഇടപെടലുകളാണ് സംസ്ഥാന ഗവൺമെന്റ് നടത്തുന്നത്. സ്ത്രീ സൗഹൃദ തൊഴിലിടത്തോടൊപ്പം ശാക്തീകരണവും സിനിമാരംഗത്ത് നടപ്പിലാക്കി വരികയാണ്. ചലച്ചിത്ര വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 5 സിനിമകൾ ഇക്കാലയളവിൽ പ്രദർശനത്തിനെത്തി. സിനിമയിലെ സാങ്കേതിക മേഖലയിലേക്ക് കൂടുതൽ സ്ത്രീകളെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആവശ്യമായ പരിശീലന പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുന്നു. സിനിമ മേഖലയിലെ സമഗ്ര നയരൂപീകരണത്തിനാവശ്യമായ ഒരു ചർച്ച വേദിയെന്ന നിലയിലാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. മറിച്ചുള്ള വിവാദങ്ങൾക്കും ആശങ്കകൾക്കും അടിസ്ഥാനമില്ലെന്ന് മന്ത്രി അറിയിച്ചു.

ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെഎസ്എഫ്ഡിസി ചെയർമാൻ ഷാജി എൻ. കരുൺ സ്വാഗതമാശംസിച്ചു. മാനേജിംഗ് ഡയറക്റ്റർ ഡോ. ആഷിഖ് ഷെയ്ഖ് പി. സംക്ഷിപ്ത വിവരണം നടത്തി. വനിതാ വികസന കോർപറേഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടി ആമുഖ പ്രസംഗം നടത്തി. വനിതാ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്റ്റർ വി.സി. ബിന്ദു , കൗൺസിലർ ഹരികുമാർ, കെഎസ്എഫ്ഡിസി ബോർഡ് അംഗം ജിത്തു കോളയാട് എന്നിവർ സംബന്ധിച്ചു.

ഹാരിസൺസ് പ്ലാന്റേഷൻ ബോണസ് 8.33 ശതമാനം

തിരുവനന്തപുരം:സംസ്ഥാനത്തെ ഹാരിസൺസ് മലയാളം പ്ലാന്റേഷനുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ക്ക് 8.33 ശതമാനം തുക ബോണസും 0.77 ശതമാനം തുക എക്സ്ഗ്രേഷ്യയും ആയും നൽകുന്നതിന് തീരുമാനമായി.

അഡിഷണൽ ലേബർ കമ്മിഷണർ (ഐആർ) കെ. ശ്രീലാലിന്റെ അധ്യക്ഷതയിൽ ലേബർ കമ്മിഷണറേറ്റിൽ ചേർന്ന തൊഴിലാളി തൊഴിലുടമ പ്രതിനിധികളുടെ യോഗത്തിലാണ് തീരുമാനം.

ബോണസ് ഇന്ന് വൈകുന്നേരത്തിനകം വിതരണം ചെയ്യും. യോഗത്തിൽ ഡെപ്യൂട്ടി ലേബർ കമ്മിഷണർ കെ.എസ് സിന്ധു, തൊഴിലാളി പ്രതിനിധികളായ വാഴൂർ സോമൻ എം എൽ എ, ജയമോഹൻ,കെ കെ ജയചന്ദ്രൻ (സിഐടിയു), പി ജെ ജോയ്, ആർ ചന്ദ്രശേഖരൻ (ഐ എൻ ടി യു സി), മാഹീൻ അബുബക്കർ (എസ് ടി യു) തുടങ്ങിയവരും തൊഴിലുടമയെ പ്രതിനിധീകരിച്ചു ബിജു പണിക്കർ, വിനോദ് കുമാർ എന്നിവരും പങ്കെടുത്തു.

എസൻസ് ഗ്ലോബൽ ഫ്രീ തിങ്കേഴ്സ്, ഹ്യൂമനിസം അവാർഡുകൾ

തൃശൂർ: എസൻസ് ഗ്ലോബൽ 2024ലെ അവാർഡുകൾ പ്രഖ്യാപിച്ചു. ശാസ്ത്ര സ്വാതന്ത്ര്യചിന്താ മേഖലയിലെ സംഭാവനകൾക്ക് നൽകുന്ന ഫ്രീ തിങ്കർ അവാർഡ് ലൂസി യൂട്യൂബ് ചാനൽ സ്ഥാപകനും പ്രശസ്ത സ്വതന്ത്രചിന്ത പ്രഭാഷകനുമായ ചന്ദ്രശേഖർ രമേശിന്. യുവ സ്വാതന്ത്ര്യചിന്ത കർക്കുള്ള യങ് ഫ്രീ തിങ്കർ അവാർഡ് മാധ്യമ പ്രവർത്തകനും തൃശൂർ സ്വദേശിയുമായ ഒ.കെ. സജിത്തിനും കണ്ണൂർ സ്വദേശിയും വ്യവസായിയുമായ കബീർ അഹമ്മദിനും നൽകും.

വയനാട്ടിൽ മുണ്ടക്കൈ ചൂരൽമലയിലുണ്ടായ ഉരുൾപൊട്ടലിൽ സന്നദ്ധ പ്രവർത്തകരായ എസൻസ് ഗ്ലോബൽ പ്രവർത്തകരായ യാസിൻ ഒമർ, അഷ്റഫ് അലി എന്നിവർക്ക് ആദരസൂചകമായി കസ്റ്റോഡിയൻ ഓഫ് ഹ്യൂമനിസം അവാർഡും എസൻസ് ഗ്ലോബൽ ഇത്തവണ വിതരണം ചെയ്യും. ദുരന്തഭൂമിയിൽ അക്ഷീണം പ്രവർത്തിച്ചവരെ മാതൃകാപരമായി അഭിനന്ദിക്കാനാണു സംഘടന അവാർഡ് ഏർപ്പെടുത്തിയത്.

അവാർഡ് ജേതാക്കൾക്ക് എസെൻസ് മെഡലിയനും 25,000 രൂപയും പ്രശസ്തിപത്രവുമാണ് നൽകുക. ആർട്ടിക്കിൾ 51 എ(എച്ച്) ന്റെ സന്ദേശം ഉൾക്കൊണ്ട് കേരള സമൂഹത്തിൽ ശാസ്ത്രവും സ്വതന്ത്രചിന്തയും പ്രചരിപ്പിച്ചതിനുള്ള അംഗീകാരമായാണ് ഈ പുരസ്കാരം സമ്മാനിക്കുന്നത്. ഒക്ടോബർ 12ന് കോഴിക്കോട് സ്വപ്നനഗരിയിലെ കാലിക്കറ്റ് ട്രേഡ് സെന്ററിൽ സംഘടിപ്പിക്കപ്പെടുന്ന എസൻസ് ഗ്ലോബലിന്റെ ശാസ്ത്ര സ്വാതന്ത്ര്യചിന്താ സമ്മേളനം ലിറ്റ്മസ്-24ൽ അവാർഡുകൾ വിതരണം ചെയ്യും.

ആന്റിബയോട്ടിക്കുകൾ ഇനി നീല കവറിൽ: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: ആന്റിബയോട്ടിക്കുകൾ തിരിച്ചറിയാനായി ഇനിമുതൽ നീല നിറത്തിലുള്ള പ്രത്യേക കവറുകളിൽ നൽകണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആദ്യഘട്ടമായി 50,000 നീല കവറുകൾ തയ്യാറാക്കി സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾക്ക് നൽകും. പിന്നീട് അതേ മാതൃകയിൽ അതത് മെഡിക്കൽ സ്റ്റോറുകൾ കവറുകൾ തയ്യാറാക്കി അതിൽ ആന്റിബയോട്ടിക് നൽകണം. സർക്കാർ തലത്തിലെ ഫാർമസികൾക്കും ഇതേ പോലെ നീല കവറുകൾ നൽകും. അവരും നീല കവർ തയ്യാറാക്കി അതിൽ ആന്റിബയോട്ടിക് നൽകേണ്ടതാണ്. മരുന്നുകൾ കഴിക്കേണ്ട വിധത്തിന് പുറമേ നീല കവറിൽ അവബോധ സന്ദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഘട്ടം ഘട്ടമായാണ് ഇത് നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

TATA
ടാറ്റ ക്യാപിറ്റൽ ലിമിറ്റഡ്
റെജി. ഓഫീസ്: 11-ാം നില, ടവർ-എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപത് റാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ-400 013,ശാഖാ വിലാസം : ഒന്നാം നില, പുത്തൂരാൻ പ്ലാസ, കെപിസിസി ജംക്ഷൻ , എം ജി റോഡ്, കൊച്ചി, കേരളം-682011
സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്
സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ്, 2002 റൂൾ 8(6) R/W 9(1)
2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്. സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002 റൂൾ 8(6) R/W 9(1) വുവസ്ഥ പ്രകാരം സ